കസ്തൂരിമണമുള്ള സംഗീതം മറഞ്ഞു - പി. ശ്രീരാമകൃഷ്ണൻ

കസ്തൂരി മണപ്പിച്ച അഭൗമ സംഗീതത്തിന്റെ- സാന്നിധ്യം മാഞ്ഞു. മലയാള സിനിമാഗാനരംഗത്തെ കസ്തൂരി മണമുള്ള ഗാനങ്ങളിലൂടെയും, അസാധാരണമായ മെലഡികളിലൂടെയും ഗസൽ സംഗീതത്തിന്റെഗ സാന്നിധ്യം ഉറപ്പിച്ച അത്യപൂർവ്വ് പ്രതിഭയായിരുന്നു അര്ജുിനൻ മാസ്റ്റര്. 1200ലധികം നാടകങ്ങളുടെ സംഗീത സംവിധാനത്തിലൂടെ നാടകങ്ങളെ ജനകീയമാക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് അത്ഭുതകരവും അവിശ്വസനീയവുമാണ്. അര്ജുകനൻ മാസ്റ്ററും ശ്രീകുമാരൻ തമ്പിയും തമ്മിലുള്ള കൂട്ടുകെട്ട് മലയാള സിനിമാ സംഗീതത്തിൽ സൃഷ്ടിച്ചിട്ടുള്ള അനുഭൂതിയുടെ ചക്രവാളങ്ങൾ ഒരിക്കലും കാലത്തിന് മായ്ക്കാൻ കഴിയാത്തതാണ്.

സ്പീക്കർ

കേരള നിയമസഭ